**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 756** **02-02-2023 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നവരിൽ അപേക്ഷകർ മരണപ്പെടുകയോ അപകടം സംഭവിക്കുകയോ വായ്പ തിരിച്ചടക്കാൻ കഴിയാത്ത തരത്തിൽ ഗുരുതര രോഗം ബാധിക്കുകയോ ചെയ്താൽ അവരുടെ കുടുംബങ്ങളെ സഹായിക്കുന്ന തരത്തിൽ എന്തെല്ലാം ആശ്വാസ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വായ്പ എടുത്തശേഷം അപകടം സംഭവിക്കുകയോ ഗുരുതര രോഗം ബാധിക്കുകയോ ചെയ്ത അപേക്ഷകർക്ക് എത്ര വായ്പകൾ ഉണ്ടെങ്കിലും വായ്പാ മുതലിനത്തിൽ പരമാവധി 1,25,000/- രൂപ റിസ്ക് ഫണ്ട് പദ്ധതിയിലെ ഇതരനിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്ത വായ്പക്കാർക്ക് മാത്രമാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.<br><br>റിസ്ക് ഫണ്ട് പദ്ധതി നിയമാവലി ഭേദഗതി പ്രകാരം വായ്പയെടുത്ത അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ 3,00,000/-രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഒന്നിൽ കൂടുതൽ പേർ ചേർന്നെടുത്ത കോ-ഓബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ, അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണതീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മലപ്പുറം നിയോജക മണ്ഡലത്തിൽ നിന്നും എത്ര | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മലപ്പുറം നിയോജക മണ്ഡലത്തിൽ നിന്നും 331 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകി എന്നും അറിയിക്കുമോ; | | 91 അപേക്ഷകളിൽ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. 214 അപേക്ഷകളിൽ റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നത് പരിശോധനയിലാണ്. അർഹതയില്ലാത്തതിനാൽ 26 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിൽ പരിഗണനയിലിരിക്കുന്ന അപേക്ഷകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മലപ്പുറം നിയോജക മണ്ഡലത്തിൽ നിന്നും 331 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br><br>91 അപേക്ഷകളിൽ ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്. 214 അപേക്ഷകളിൽ റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിക്കുന്നത് പരിശോധനയിലാണ്. അർഹതയില്ലാത്തതിനാൽ 26 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ